"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്- സൈനിക സേവനത്തിനിടെ ജമ്മു കാശ്മീരിലെ സിയാച്ചിൻ ഗ്ലേസിയറിൽ ഓപ്പറേഷൻ മേഘ്ദൂത് ന്റെ ഭാഗമായിരിക്കുമ്പോൾ മരണപ്പെട്ട നായിക് മുഹമ്മദ് സൈജൽ ടി യുടെ ഭാര്യ ശ്രീമതി റഹ്മത്ത് എൻ. പി യ്ക്ക് മലപ്പുറം ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ(എ) വകുപ്പ്**

സ.ഉ.(കൈ) നം.5/2024/SWD തീയതി,തിരുവനന്തപുരം, 11-03-2024

---

പരാമർശം:- 1. ശ്രീമതി റഹ്മത്ത് എൻ പി - യുടെ 30.08.2022 ലെ അപേക്ഷ.

2. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 06.10.2023, 12.02.2024 തീയതികളിലെ ഡി.എസ്.ഡബ്ല്യു/527/2022-സി2 നമ്പർ കത്തുകൾ.

**ഉത്തരവ്**

1. സൈനിക സേവനത്തിലിരിക്കുന്ന ജവാന്മാരോ, മിലിട്ടറിയുമായി അറ്റാച്ചായിരിക്കുന്ന G R E F ജവാന്മാരോ ഓപ്പറേഷണൽ ഏര്യായിലോ/ഫീൽഡ് ഏര്യയിലോ വച്ച് ഹൈ ആൾ റ്റിറ്റ്യൂഡ് കാരണമോ, മോശമായ കാലാവസ്ഥ മൂലമോ, ഓപ്പറേഷണൽ ഏര്യായിലോ/ ഫീൽഡ് ഏര്യയ്ക്കുള്ളിലോ വച്ചുണ്ടാകുന്ന മൈൻ സ്ഫോടനത്തിലോ, കെണിയിൽപ്പെട്ടോ, വാഹനാപകടത്തിലോ കൊല്ലപ്പെടുകയോ/അംഗഭംഗം സംഭവിക്കുകയോ/കാണാതാകുകയോ ചെയ്യുന്ന സാഹചര്യത്തിൽ 29.04.2002 ലെ സ.ഉ(പി) 110/02/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ജവാന്റെ ഒരു ആശ്രിതന്/ആശ്രിതയ്ക്ക് സംസ്ഥാന സർക്കാർ സർവ്വീസിലെ ക്ലാസ്സ് III / IV കാറ്റഗറിയിലെ താഴ്ന്ന ഗ്രേഡിലോ ലാസ്റ്റ് ഗ്രേഡ് സർവ്വീസിലോ പാർട്ട്ടൈം കണ്ടിജന്റ് സർവ്വീസിലോ തൊഴിൽ സഹായം ലഭിക്കുന്നതിന് അർഹതയുണ്ട്.

2. സൈനിക സേവനത്തിനിടെ 27.05.2022 ൽ ജമ്മു കാശ്മീരിലെ സിയാച്ചിൻ ഗ്ലേസിയറിൽ ഓപ്പറേഷൻ മേഘ്ദൂതിന്റെ ഭാഗമായിരിക്കുമ്പോൾ മരണപ്പെട്ട നായിക് മുഹമ്മദ് സൈജൽ ടി യുടെ ഭാര്യ ശ്രീമതി റഹ്മത്ത് എൻ പി പ്രസ്തുത ഉത്തരവിൻപ്രകാരം തൊഴിൽ സഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് പരാമർ ശം (1) പ്രകാരം അപേക്ഷ

സമർപ്പിക്കുകയുണ്ടായി.

3. പ്രസ്തുത അപേക്ഷ പരാമർശം (2) പ്രകാരം സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ പരിശോധിച്ച് സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയും 27.05.2022 ന് ജമ്മു കാശ്മീരിലെ സിയാച്ചിൻ ഗ്ലേസിയറിൽ ഓപ്പറേഷൻ മേഘ്ദൂത് ന്റെ ഭാഗമായിരിക്കുമ്പോൾ ഫീൽഡ് ഹോസ്പിറ്റലിൽ നിന്നും ട്രാൻസിറ്റ് ക്യാമ്പിലേയ്ക്ക് മടങ്ങവേ ബസ് അപകടത്തിൽ ആണ് സൈനികനായിരുന്ന നായിക് മുഹമ്മദ് സൈജൽ ടി മരണപ്പെട്ടിട്ടുള്ളതെന്നും മരണം സംഭവിച്ചിരിക്കുന്നത് ഫീൽഡ് ഏരിയ ആയ സിയാച്ചിൻ ഗ്ലേസിയറിൽ ആണെന്നും ആയതിനാൽ മരണപ്പെട്ട സൈനികന്റെ ഭാര്യയ്ക്ക് തൊഴിൽ സഹായത്തിന് അർഹതയുണ്ടെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. സർക്കാർ ഈ വിഷയം പരിശോധിച്ചു തൊഴിൽ സഹായം നൽകുന്നതിന് അനിവാര്യ രേഖയായ, ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം 27.05.2022 ന് ജമ്മു കാശ്മീരിലെ സിയാച്ചിൻ ഗ്ലേസിയറിൽ ഓപ്പറേഷൻ മേഘ്ദൂത് ന്റെ ഭാഗമായിരിക്കുമ്പോൾ ഫീൽഡ് ഹോസ്പിറ്റലിൽ നിന്നും ട്രാൻസിറ്റ് ക്യാമ്പിലേയ്ക്ക് മടങ്ങവേ ബസ് അപകടത്തിൽ ആണ് സംഭവിച്ചിട്ടുള്ളതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ടിയാന്റെ ഭാര്യ ശ്രീമതി റഹ്മത്ത് എൻ പി യുടെ ജനനത്തീയതി 20.01.1986 ആണെന്നും ടിയാരിയ്ക്ക് ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യതയുള്ളതാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

5. ഈ സാഹചര്യത്തിൽ സൈനിക സേവനത്തിനിടെ 27.05.2022 ന് ജമ്മു കാശ്മീരിലെ സിയാച്ചിൻ ഗ്ലേസിയറിൽ ഓപ്പറേഷൻ മേഘ്ദൂത് ന്റെ ഭാഗമായിരിക്കുമ്പോൾ ഫീൽഡ് ഹോസ്പിറ്റലിൽ നിന്നും ട്രാൻസിറ്റ് ക്യാമ്പിലേയ്ക്ക് മടങ്ങവേ ബസ് അപകടത്തിൽപ്പെട്ട് മരണപ്പെട്ട മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി താലൂക്കിൽ പരപ്പനങ്ങാടി വില്ലേജിൽ ചെട്ടിപ്പാടി(പി.ഒ), നടമ്മൽ പുതിയകത്ത് ഹൗസിൽ മുഹമ്മദ് സൈജൽ ടി യുടെ ഭാര്യ ശ്രീമതി റഹ്മത്ത് എൻ. പി യ്ക്ക് 29.04.2002 ലെ സ.ഉ(പി) 110/02/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, മലപ്പുറം ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ, തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. മലപ്പുറം ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ.ഉ.(കൈ) നം.5/2024/SWD

മുഹമ്മദ് റിയാസ്

അഡിഷണൽ സെക്രട്ടറി

പകർപ്പ്-

1. ശ്രീമതി റഹ്മത്ത് എൻ.പി, നടമ്മൽ പുതിയകത്ത് ഹൗസ്, ചെട്ടിപ്പാടി (പി.ഒ), പരപ്പനങ്ങാടി, തിരൂരങ്ങാടി വില്ലേജ്, മലപ്പുറം-676319 (രജിസ്റ്റേർഡ് തപാലിൽ അക്നോളജ്മെന്റ് സഹിതം)
2. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
6. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Jenshar
Date: 12-09-2024 10:55:29